روضة الخطباء
# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
## ഇസ്‌ലാമിലെ ബലികൾ
sufaraulislam.com
17/06/2022

بسم الله الرحمن الرحيم

- പല മതങ്ങളിലും ബലി അർപ്പിക്കുക എന്നത് ഒരു നിയമമാണ്.
- പല രീതിയിലുള്ള ബലികളാണ് സമൂഹത്തിൽ കണ്ടു കൊണ്ടിരിക്കുന്നത്.

وَلِكُلِّ أُمَّةٍ جَعَلْنَا مَنْسَكًا (الحج/٣٤)

- ഇവിടെ മൻസക് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അറവാണ് എന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.
- എന്തിനാണ് അത് നിയമമാക്കിയിട്ടുള്ളത്?

لِيَذْكُرُوا اسْمَ اللَّهِ عَلَى مَا رَزَقَهُمْ مِنْ بَهِيمَةِ الْأَنْعَامِ فَإِلَهُكُمْ إِلَهٌ وَاحِدٌ فَلَهُ أَسْلِمُوا وَبَشِّرِ الْمُخْبِتِينَ (الحج/٣٤)

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ (١٦٢) لَا شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ (١٦٣) (الأنعام)

- ഇവിടെ നസുകിന് നൽകിയ അർത്ഥം അറവ് (ബലി) എന്നാണ്.

### ❖ ഇസ്ലാമിൽ പല വിധത്തിലുള്ള ബലികൾ ഉണ്ട്

1. ഇബാദത്തായ അറവുകൾ (മതം നിഷ്കർഷിച്ച തന്നത്, അല്ലാഹുവിന് വേണ്ടിയുള്ളത്)
2. ആദത്തായ അറവുകൾ (ഭക്ഷണത്തിനും, അഥിതികളെ സൽകരിക്കാനും വേണ്ടി )
3. നിഷിദ്ധമാക്കിയ അറവുകൾ (അല്ലാഹു അല്ലാത്തവരുടെ തൃപ്തി കൊതിച്ച കൊണ്ട്, അത് ശിർക്കാണ്)

- അല്ലാഹു അല്ലാത്തവർക്ക് വേണ്ടി അറവ് നടത്തിയവൻ ശപിക്കപ്പെട്ടവനാണ്.

### ❖ ഇസ്ലാം കൽപിച്ച അറവുകൾ

1. ഉദുഹിയ്യത്ത്,
2. ഹജ്ജിലെ അറവുകൾ,
3. പ്രായശ്ചിത്വവുമായി ബന്ധപ്പെട്ട അറവുകൾ,
4. അഖീഖ.

### ❖ ഹജ്ജിലെ അറവുകൾ.

1. ഹജ്ജിൽ തമത്തുഅ് ആയി ഹജ്ജ് ചെയ്യുന്നവൻ നടത്തുന്ന അറവ്
2. ഖിറാൻ ആയി ഹജ്ജ് ചെയ്യുന്നവൻ നടത്തുന്ന അറവ്

3. ഹജ്ജിലെ കർമ്മങ്ങളിലേക്ക് പ്രവേശിച്ച് തടയപ്പെട്ടവനുള്ള അറവ്.

4. ഇഹ്റാം ഒഴിവാക്കാൻ ബലി നിർബന്ധം.

5. ഇഹ്റാമിൽ പ്രവേശിച്ച വ്യക്തി കരയിൽ വേട്ടയാടിയാൽ അവൻ ബലി അറുക്കണം.

ഇതു പോലെയുള ഹജ്ജുമായി ബന്ധപ്പെട്ട മറ്റു അറവുകൾ ഹാജിമാർ പഠിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

## ❖ അഖീഖ അറുക്കൽ

- ഒരാൾക്ക് കുഞ്ഞ് ജനിച്ചാൽ അതിലുള്ള സന്തോഷത്താലും ആ കുഞ്ഞിന് അനുഗ്രഹം ലഭിക്കാനും വേണ്ടി അറുക്കൽ സുന്നത്താണ്.
- ഏഴാം ദിവസം സുന്നത്താണ്. അല്ലാ എങ്കിൽ എന്നാണോ സാധിക്കുന്നത് ആ ദിവസം അറുക്കാവുന്നതാണ്.
- ആൺകുട്ടിക്ക് രണ്ട് ആടും, പെൺകുട്ടിക്ക് ഒരു ആടുമാണ് അറുക്കേണ്ടത്.

مَعَ الْغُلَامِ عَقِيقَةٌ فَأَهْرِيقُوا عَنْهُ دَمًا وَأَمِيطُوا عَنْهُ الْأَذَى (البخاري)

ആൺകുട്ടിയോടൊപ്പം അതിന്റെ അക്വീക്വഃ ബാധ്യതയായുണ്ട്. അതിനാൽ കുട്ടിക്കുവേണ്ടി നിങ്ങൾ അക്വീക്വഃ അറുക്കുകയും കുട്ടിയുടെ മുടിനീക്കുകയും ചെയ്യുക.

عَنْ الْغُلَامِ شَاتَانِ مُتَكَافِئَتَانِ وَعَنْ الْجَارِيَةِ شَاةٌ (صحيح ابن ماجه)

ആൺകുട്ടിക്കു ഒരേ തരത്തിലുള്ള രണ്ട് ആടുകളും പെൺകുട്ടിക്കു ഒരു ആടുമാണ് അക്വീക്വത്ത് അറുക്കേണ്ടത്

كُلُّ غُلَامٍ رَهِينَةٌ بِعَقِيقَتِهِ تُذْبَحُ عَنْهُ يَوْمَ سَابِعِهِ وَيُسَمَّى وَيُحْلَقُ رَأْسُهُ(أخرجه أبو داود)

ഓരോ നവജാതശിശുവും തന്റെ അക്വീക്വയുടെ ബന്ധനത്തിലാണ്. ഏഴാം നാളിൽ അവനു വേണ്ടി അക്വീക്വഃ അറുക്കപ്പെടുകയും അവനു പേരുവിളിക്കപ്പെടുകയും അവന്റെ തലമുണ്ഡനം ചെയ്യപ്പെടുകയും വേണം.

مَنْ وُلِدَ لَهُ وَلَدٌ فَأَحَبَّ أَنْ يَنْسُكَ عَنْهُ فَلْيَنْسُكْ (سنن أبي داود )

വല്ലവനും ഒരു കുഞ്ഞു പിറക്കുകയും ആ കുഞ്ഞിനുവേണ്ടി അറുക്കുവാൻ അവൻ ഇഷ്ടപ്പെടുകയുമായാൽ അവൻ അറുക്കട്ടെ

## ❖ ഉദ്ഹിയ്യത്ത്

- പൂർവ്വാഹ്നവേളയിൽ ബലിയറുക്കുന്നതിനാണ് ഭാഷയിൽ ഉദ്ഹിയ്യഃ എന്നു പറയുക.
- അല്ലാഹുവിലേക്കുള്ള സാമീപ്യത്തിനായി പെരുന്നാൾ സുദിനം ആട്, മാട്, ഒട്ടകം എന്നിവയിൽ നിന്നു ബലിയറുക്കപ്പെടുന്നതിനാണ് മതപരമായി ഉദ്ഹിയ്യഃ എന്നു പറയുക.

- അനസ് (റ) ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം.

أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ضَحَّى بِكَبْشَيْنِ أَمْلَحَيْنِ أَقْرَنَيْنِ ذَبَحَهُمَا بِيَدِهِ وَسَمَّى وَكَبَّرَ وَوَضَعَ رِجْلَهُ عَلَى صِفَاحِهِمَا(صحيح البخاري)

നിശ്ചയം ഇവെള്ള നിറമുള്ളതും കൊമ്പുകളുള്ളതുമായ രണ്ടു മുട്ടനാടുകളെ അറുത്തുകൊണ്ട് നബി (സ) ഉദുഹിയ്യത്ത് നടത്തി. നബി (സ) തന്റെ കൈകൊണ്ട് അവയെ അറുക്കുകയും ബിസ്മി ചൊല്ലുകയും തക്ബീർ മുഴക്കുകയും അവയുടെ പിരടികളിൽ തന്റെ കാൽവെക്കുകയും ചെയ്തു.

- **ഉദ്ഹിയ്യത്ത് നിർബന്ധമാണോ?**
- രണ്ടു അഭിപ്രായങ്ങൾ കാണാം.

1. **ഒരു വിഭാഗം പണ്ഡിതന്മാർ വാജിബാണ് എന്ന് പറയുന്നവരാണ്.**
2. **മറ്റൊരു വിഭാഗം പ്രബലമായ സുന്നത്താണ് എന്നും വിശദീകരിക്കുന്നു.**

ഇബ്നുസീരിനിൽ നിന്ന്: അദ്ദേഹം ഇബ്നു ഉമറിനോട് ചോദിച്ചു: ഉദ്ഹിയ്യത്ത് കർമം നിർബന്ധമാണോ? അദ്ദേഹംപറഞ്ഞു: പ്രവാചകരും മുസ്‌ലിംകളും നിർവഹിച്ച് വന്ന ആചര്യ ഇന്നും തുടർന്നു പോരുന്നു (ഇബ്നു മാജ).

- ഇമാം അബൂഹനീഫയുടെയും സുഫ്യാനു സൌരി (റ) ലൈസ് (റഹി) ശൈഖ് ഉസൈമീൻ (റഹി) എന്നീ പണ്ഡിതന്മാരെല്ലാം ഉദ്ഹിയത്ത്നിർബന്ധബാധ്യതയാണ് എന്ന അഭിപ്രായക്കാരാണ്. മഹാ പണ്ഡിതനായ ഇബ്നു തൈമിയ (റഹി) ഉദ്ഹിയത്ത് അറുക്കൽ വാജിബാണ് എന്ന് സമർത്ഥിച്ചത് കാണാൻ കഴിയും.
- **ആർക്കാണ് ഇത് വാജിബാകുന്നത്?**
- കഴിവുള്ളവർക്ക് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.
- നമസ്കാരത്തിന്റെ റുകുനുകളിൽ പെട്ടതാണ് കഴിവുള്ളവൻ നിന്നാണ് നമസ്കരിക്കേണ്ടത് എന്നത്. എന്നാൽ സാധിക്കാത്തവന് ഇരുന്നു നമസ്കാരിക്കാം
- അതു പോലെ ഉദ്ഹിയത്ത് അറുക്കാൻ കഴിയുന്നവൻ നിർബന്ധമായും അറുക്കണം. അല്ലാത്തവന്റെ മേൽ കുറ്റമില്ല...
- നബി (സ) പഠിപ്പിച്ച ഒരു ഹദീസ് ഇപ്രകാരമാണ്.

عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «مَنْ وَجَدَ سَعَةً لِأَنْ يُضَحِّيَ فَلَمْ يُضَحِّ، فَلَا يَحْضُرْ مُصَلَّانَا» (الحاكم (ت ٤٠٥)، المستدرك على الصحيحين ٣٥١٣ • صحيح الإسناد)

- ആർത്തവ കാരികൾ പോലും വരണം, തട്ടമില്ലാത്തവർ തട്ടം കടം വാങ്ങിയിട്ടെങ്കിലും വരട്ടെ എന്നെല്ലാം പഠിപ്പിച്ച നബി (സ) അറുക്കാൻ കഴിവുണ്ടായിട്ടും ബലി അറുക്കാ

ത്തവൻ വരേണ്ടതില്ല എന്ന പറഞ്ഞതിൽ നിന്നും ഈ വിഷയത്തിന്റെ ഗൌരവ്വം മനസ്സിലാക്കുക.

- അതു കൊണ്ട് സാധിക്കുന്ന എല്ലാവരും ഉദ്ഹിയ്യത്ത് അറുക്കുക.

- **എന്തിനെയാണ് അറുക്കേണ്ടത്.**

ഒട്ടകം,ആട്, മാട് എന്നിവയാണ് അറുക്കേണ്ടത്. അതല്ലാത്തത് അറുക്കാൻ പാടില്ല.

وَلِكُلِّ أُمَّةٍ جَعَلْنَا مَنْسَكًا لِيَذْكُرُوا اسْمَ اللَّهِ عَلَى مَا رَزَقَهُمْ مِنْ بَهِيمَةِ الْأَنْعَامِ فَإِلَٰهُكُمْ إِلَٰهٌ وَاحِدٌ فَلَهُ أَسْلِمُوا وَبَشِّرِ الْمُخْبِتِينَ (٣٤/٢٢)

- **ഒരു വ്യക്തിക്കും അയാളുടെ കുടുംബത്തിനും കൂടി ഒരു ആട് മതിയാകും.**

അബൂ അയ്യൂബിൽ നിന്ന് ഉദ്ദരിക്കുന്ന ഹദീസ്..

كَانَ الرَّجُلُ فِي عَهْدِ النَّبِيِّ ﷺ يُضَحِّي بِالشَّاةِ عَنْهُ وَعَنْ أَهْلِ بَيْتِهِ فَيَأْكُلُونَ وَيُطْعِمُونَ

അല്ലാഹുവിന്റെ തിരുദൂതരുടെ കാലത്ത് ഒരു വ്യക്തി അയാൾക്കും അയാളുടെ കുടുംബത്തിനും വേണ്ടി ഒരു ആടിനെ ബലി നൽകുമായിരുന്നു. അങ്ങനെ അവർ ഭക്ഷിക്കുകയും ഭക്ഷിപ്പിക്കുകയും ചെയ്യുമായിരുന്നു.

- **ഒട്ടകത്തിലും മാടിലും പങ്കു ചേർന്ന് അറുക്കാം.**

ജാബിർ (റ) വിൽ നിന്നുള്ള ഹദീസ്.

نَحَرْنَا مَعَ رَسُولِ اللَّهِ ﷺعَامَ الْحُدَيْبِيَّةِ الْبَدَنَةَ عَنْ سَبْعَةٍ وَالْبَقَرَةَ عَنْ سَبْعَةٍ (صحيح ابن حبان)

ഞങ്ങൾ തിരുദൂതനോടൊപ്പം ഹുദയ്ബിയ്യാ സന്ധിയുടെ വർഷം ഏഴുപേർക്ക് ഒരു ഒട്ടകത്തേയും ഏഴുപേർക്ക് ഒരു പശുവിനേയും അറുത്തിരുന്നു.

- **അറുക്കുന്നവർ ശ്രദ്ധിക്കേണ്ടത്**

1. ഒട്ടകം: അഞ്ചു വയസ്സ് പൂർത്തിയാകണം.
2. മാട്: രണ്ടു വയസ്സ് പൂർത്തിയാകണം.
3. കോലാട്: ഒരു വയസ്സ് പൂർത്തിയാകണം.

ജാബിർ (റ) വിൽ നിന്നും..

لَا تَذْبَحُوا إِلَّا مُسِنَّةً إِلَّا أَنْ يَعْسُرَ عَلَيْكُمْ فَتَذْبَحُوا جَذَعَةً مِنَ الضَّأْنِ (مسلم)

നിങ്ങൾ മുസിന്നഃയെയല്ലാതെ അറുക്കരുത്. നിങ്ങൾക്ക് ഞെരുക്കം നേരിട്ട് (അതു കിട്ടാതിരുന്നാലല്ലാതെ. അങ്ങനെയായാൽ നിങ്ങൾ ചെമ്മരിയാടിൽ നിന്നുള്ള ഒരു ജദഅഃയെ ബലിയറുക്കുക. (മുസ്ലിം)

- മുസിന്നഃയെന്നാൽ ഒട്ടകത്തിൽ അഞ്ചു വയസ്സു തികഞ്ഞതും
- പശുവിൽ രണ്ടു വയസ്സു തികഞ്ഞതും

- കോലാടിൽ ഒരു വയസ്സ് തികഞ്ഞതുമാണ്.
- മുസിന്നഃക്ക ഥനിയ്യഃ എന്നും പറയപ്പെട്ടും.

- **നൃൂനതകളിൽ നിന്ന് ഒഴിവുള്ളവയാകണം..**

- മാംസം കുറയുവാന് കാരണമാകുന്ന നൃൂനതകളിൽ നിന്ന് ഒട്ടകം, മാട്, ആട് എന്നിവ സുരക്ഷിതമായിരിക്കണമെന്നതു ഉദ്ഹിയത്തിന്റെ ശർത്വുകളിൽ പെട്ടതാണ്.
- അതിനാൽ മെലിഞ്ഞൊട്ടിയത്, മുടന്തുള്ളത്, കാഴ്ച നഷ്ടപ്പെട്ടത്, രോഗിയായത് എന്നിവ ഉദ്ഹിയ്യത്ത് അറുക്കാൻ മതിയാവുകയില്ല.

أَرْبَعَةٌ لَا تُجْزِئُ فِي الْأُضْحِيَّةِ الْعَوْرَاءُ الْبَيِّنُ عَوَرُهَا وَالْمَرِيضَةُ الْبَيِّنُ مَرَضُهَا وَالْعَرْجَاءُ الْبَيِّنُ عَرَجُهَا وَالْعَجْفَاءُ الَّتِي لَا تُنْقِي (أخرجه أبو داود)

നാലു കാലികൾ ഉദ്ഹീയത്തിന് മതിയാവുകയില്ല. കാഴ്ച പോയെന്ന വ്യക്തമായത്, പ്രത്യക്ഷമായ രോഗമുള്ളത്, വ്യക്തമായി മുടന്തുള്ളത്, മെലിഞ്ഞു മജ്ജ നശിച്ചത് എന്നിവയാണവ

- **എപ്പോൾ അറുക്കണം?**

പണ്ഡിതന്മാർ വിശദീകരിക്കുന്നത് പെരുന്നാൾ നമസ്കരിച്ചവർക്ക് നമസ്കാര ശേഷം മുതലും പെരുന്നാൾ നമസ്കരിച്ചിട്ടില്ലാത്തവന് പെരുന്നാൾ സുദിനം സൂര്യനുദിച്ച് രണ്ടു റക്അത്തുകൾക്കും രണ്ടു ഖുത്വുബകൾക്കും മതിയായ സമയം മുതലും ഉദ്ഹിയ്യത്ത് അറുക്കാവുന്നതാണ്.

مَنْ صَلَّى صَلَاتَنَا وَنَسَكَ نُسُكَنَا فَقَدْ أَصَابَ النُّسُكَ وَمَنْ ذَبَحَ قَبْلَ أَنْ يُصَلِّيَ فَلْيُعِدْ مَكَانَهَا أُخْرَى (صحيح البخاري)

വല്ലവനും നമ്മുടെ നമസ്കാരം പോലെ നമസ്കരിക്കുകയും നമ്മുടെ ബലിപോലെ ബലി നല്കുകയും ചെയ്താൽ അവന്റെ ബലി സാധുവായതായി. വല്ലവനും നമസ്കാരത്തിനു മുമ്പ് ബലി നല്കിയാൽ അവന് അതിന്റെ സ്ഥാനത്ത് മറ്റൊരെണ്ണത്തെ ബലിയറുക്കട്ടെ.

- അയ്യാമുത്തശരീകിന്റെ (ദുല്ഹിജ്ജ 11,12,13 ദിവസങ്ങൾ) അവസാനത്തെ അസ്തമയം വരേക്കും ബലിയറുക്കാവുന്നതാണ്,

أَوَّلَ مَا نَبْدَأُ بِهِ فِي يَوْمِنَا هَذَا أَنْ نُصَلِّيَ ثُمَّ نَرْجِعَ فَنَنْحَرَ مَنْ فَعَلَهُ فَقَدْ أَصَابَ سُنَّتَنَا وَمَنْ ذَبَحَ قَبْلُ فَإِنَّمَا هُوَ لَحْمٌ قَدَّمَهُ لِأَهْلِهِ لَيْسَ مِنْ النُّسُكِ فِي شَيْءٍ (صحيح الجامع)

നമ്മുടെ ഈ ദിവസം നാം ആദ്യമായി നമസ്കരിച്ചുകൊണ്ടു തുടങ്ങുന്നു. ശേഷം നാം മടങ്ങുകയും ബലിയറുക്കുകയും ചെയ്യുന്നു. വല്ലവനും ഇതുപ്രകാരം ചെയ്താൽ അവനു നമ്മുടെ സുന്ന

ത്തു ലഭിച്ചു. വല്ലവനും അതിനുമുമ്പ് അറുത്താൽ അതു തന്റെ കുടുംബത്തിനു അവൻ സമർപ്പിക്കുന്ന മാംസം മാത്രമാണ്. അതൊരിക്കലും ബലിയല്ല

- **വിതരണം**

○ നാം അറുക്കുന്ന ബലി മൃഗത്തെ മൂന്നു ഭാഗമാക്കൽ സുന്നത്താകുന്നു.

ويطعم أهل بيته الثّلث ويطعم فقراء جيرانه الثّلث ويتصدّق على السّؤال بالثّلث

അവൻ മൂന്നിലൊന്ന് തന്റെ കുടുംബത്തെ ഭക്ഷിപ്പിക്കുകയും മൂന്നിലൊന്ന് തന്റെ അയൽവാസികളിലെ അഗതികളെ ഭക്ഷിപ്പിക്കുകയും മൂന്നിലൊന്ന് ചോദിക്കുന്നവർക്ക് ദാനം ചെയ്യുകയും ചെയ്യട്ടെ

- **ബലി ഉദ്ദേശിക്കുന്നവന്**

ബലി അറുക്കുവാൻ ഉദ്ദേശിക്കുന്നവൻ അതു നൽകുന്നതുവരെ തന്റെ മുടിയോ നഖമോ എടുക്കൽ നിഷിദ്ധമാകുന്നു. ഉമ്മുസലമഃയിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്:

إِذَا دَخَلَ الْعَشْرُ وَعِنْدَهُ أُضْحِيَّةٌ يُرِيدُ أَنْ يُضَحِّيَ فَلَا يَأْخُذَنَّ شَعْرًا وَلَا يَقْلِمَنَّ ظُفُرًا

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+൯൭൭൫൦൬൭൭൬൪൦) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.